**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1545** **03-02-2026 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിന് കീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ പരിശോധനയിലും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിലും റവന്യൂ വകുപ്പിന് കീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതു വരെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലും, ആഭ്യന്തര വിജിലൻസ് സംവിധാനത്തിൻ്റെ പരിശോധനയിലും ക്രമവിരുദ്ധമായി സർട്ടിഫിക്കറ്റുകൾ അനുവദിക്കൽ, ജീവനക്കാരുടെ അനധികൃത ഹാജരില്ലായ്മ, ചട്ട വിരുദ്ധമായി ആനുകൂല്യങ്ങൾ കൈപ്പറ്റൽ, ഭൂമി സംബന്ധമായ വിഷയങ്ങളിലെ ക്രമവിരുദ്ധമായ നടപടിക്രമങ്ങൾ, പൊതുജനങ്ങളിൽ നിന്നുള്ള കൈക്കൂലി തുടങ്ങിയ വിവിധ വിഷയങ്ങളാണ് ക്രമക്കേടുകളായി കണ്ടെത്തിയിട്ടുള്ളത്. |
| (ബി) | ഓരോ ക്രമക്കേടിലും കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ? | (ബി) | കുറ്റക്കാർക്കെതിരേ 1960 - ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കുറ്റക്കാരെ അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും മാറ്റി നിർത്തേണ്ടി വന്ന സാഹചര്യങ്ങളിൽ ചട്ടം 10 പ്രകാരം സസ്പെൻഡ് ചെയ്തിട്ടുണ്ട്.<br><br>ആരോപിക്കപ്പെട്ട കുറ്റങ്ങൾ / വീഴ്ചകൾ തെളിയുന്ന സാഹചര്യങ്ങളിൽ ജീവനക്കാർക്കെതിരെ അവരുടെ കുറ്റത്തിന് ആനുപാതികമായി താഴെ പറയുന്ന ശിക്ഷകൾ നൽകിയിട്ടുണ്ട്.<br><br>1. ശാസന / താക്കീത്.<br>2. പിഴ.<br>3. ഇൻക്രിമെന്റ് / പ്രൊമോഷൻ താൽക്കാലികമായി തടയൽ.<br>4. ശിക്ഷാ വിധിയുടെ ഭാഗമായി സാമ്പത്തിക നഷ്ടം ഈടാക്കുക.<br>5. സീനിയോറിറ്റി ലിസ്റ്റിലെ റാങ്കിൽ താഴെയാക്കുക, താഴത്തെ ഗ്രേഡിലേയ്ക്കോ തസ്തികയിലേയ്ക്കോ തരം താഴ്ത്തുക. |

| | | | |
|---|---|---|---|
| | | | 6. സഞ്ചിത പ്രാബല്യത്തോടെ ഇൻക്രിമെന്റ് തടയുക.<br>7. നിർബന്ധിത വിരമിപ്പിക്കൽ.<br>8. സേവനത്തിൽ നിന്ന് നീക്കം ചെയ്യൽ.<br>9. പിരിച്ചു വിടൽ.<br>10. പെൻഷനിൽ കുറവു വരുത്തൽ.<br><br>ജീവനക്കാർക്ക് സുതാര്യമായി സേവനം ചെയ്യുന്നതിനാവശ്യമായ പരിഗണനയും പ്രോത്സാഹനവും നൽകി ചേർത്ത് പിടിക്കുമ്പോഴും ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ ഒരു വിട്ടുവീഴ്ചയുമില്ലാത്ത സമീപനമാണ് സർക്കാർ സ്വീകരിച്ചു പോരുന്നത്. |

സെക്ഷൻ ഓഫീസർ